## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2878 — 18-08-2017 -ൽ മറുപടിക്ക്

## ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള മേഖല

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം.ഉമ്മർ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് ഉരുൾപൊട്ടൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള മേഖലകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) & ബി) | ഉണ്ട്. കേരളത്തിലെ ഉരുൾപൊട്ടൽ സാധ്യതാ അപഗ്രഥനം അനുഭവസമ്പത്തിനെ അടിസ്ഥാനമാക്കിയും തെറ്റുകളും തിരുത്തലുകളും വഴിയും പ്രശ്നപരിഹാരം കണ്ടെത്തുന്ന ഒരു പഠനരീതി (heuristic) വഴി semi-quantitative ആയി നടത്തിയതിൽ നിന്നും ലഭ്യമായ അപഗ്രഥന വിവരം National Centre for Earth Science Studies ഭൂപടമായി തയാറാക്കിയിട്ടുണ്ട്. ഇത്തരം ദുരന്തങ്ങളുടെ സാധ്യതാപ്രദേശങ്ങളെ വിവിധ സൂചികകളുടെ അടിസ്ഥാനത്തിൽ അടയാളപ്പെടുത്തുകയാണ് ഈ പഠന രീതിയിൽ സാധിക്കുന്നത്. ഇത്തരം പ്രതിഭാസങ്ങൾ ഉണ്ടാകുവാൻ സാധ്യതയുള്ള പ്രദേശങ്ങളുടെ സൂചന (Spatial Susceptibility) മാത്രമാണ് ഈ പഠനം വെളിവാക്കുന്നത്. ഇതിൽ നിന്നും ഭൂവിവര സാങ്കേതിക വിദ്യ (Geographic Information System) ഉപയോഗിച്ച്, വില്ലേജ് ഭൂപടം Overlay Analysis നടത്തി ടേബിൾ ആയി തയ്യാറാക്കി Handbook on Emergency Operations – Volume 1 – Hazard Susceptible Areas of Kerala എന്ന പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) | ഇതുമായി ബന്ധപ്പെട്ട് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തൽ വിശദമാക്കുമോ; | | |
| സി) | ഈ മേഖലകളിൽ താമസിക്കുന്നവർക്ക് മുന്നറിയിപ്പ് നൽകുന്നതിനുള്ള നിർദ്ദേശം ജില്ലാ ഭരണകൂടങ്ങൾക്ക് നൽകിയിട്ടുണ്ടോ; | സി) | ഇത്തരം പ്രതിഭാസങ്ങൾ ഉണ്ടാകുവാൻ സാധ്യതയുള്ള പ്രദേശങ്ങളുടെ സൂചന മാത്രമാണ് പ്രസ്തുത പഠനം വെളിവാക്കുന്നത്. എവിടെ എപ്പോൾ ഉണ്ടാകും എന്നതിന്റെ സമഗ്ര സാധ്യത (Spatial and Temporal Probability) ഈ ഭൂപടങ്ങൾ വെളിവാക്കുന്നില്ല എന്നതിനാൽ അടിയന്തിര ഘട്ടങ്ങളിൽ Emergency Supports Functions Plan-നും Standard Operating Procedures-ഉം പ്രകാരം ഓരോ ദുരന്ത സാഹചര്യത്തിലും ദുരന്ത തീവ്രതയെ അടിസ്ഥാനപ്പെടുത്തി വിവിധ വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടികൾ നിർദ്ദേശമായി ജില്ലകൾക്കും വിവിധ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതിനെ അടിസ്ഥാനപ്പെടുത്തിയാണ് വിവിധ ദുരന്തങ്ങളെ നേരിടുന്നത്. ഏത് സാഹചര്യത്തിൽ ഏതു അളവിലുള്ള പ്രതികരണം ഏതൊക്കെ വകുപ്പ് നടത്തണം എന്ന് വ്യക്തമായി ഈ plan-ലും, SOP കളിലും നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാന അടിയന്തിരഘട്ട കാര്യാനിർവ്വഹണ കേന്ദ്രം (State Emergency Operations Centre) നൽകുന്ന മുന്നറിയിപ്പുകൾക്കനുസരിച്ച് Emergency Supports Functions Plan നും Standard Operating Procedures ഉം പ്രകാരം ഓരോ ദുരന്ത സാഹചര്യത്തിലും ദുരന്ത തീവ്രതയെ അടിസ്ഥാനപ്പെടുത്തി വിവിധ വകുപ്പുകൾ കൈകൊള്ളേണ്ട നടപടികൾ നിർദ്ദേശമായി അതതു സമയങ്ങളിൽ നൽകി വരാറുണ്ട്. |
| ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇത്തരം നിർദ്ദേശം നൽകിയിട്ടുണ്ടോ? | ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമാണ് കേരളത്തിലെ ആദ്യ ദുരന്ത ലഘൂകരണ പദ്ധതി അംഗീകരിച്ചത്. പ്രസ്തുത പദ്ധതിയുടെ അംഗീകാരത്തോടെയാണ് കേരളത്തിലെ ഉരുൾപൊട്ടൽ സാധ്യതാ അപഗ്രഥനവും, Emergency Supports Functions Plan-നും Standard Operating Procedures നും നിയമപരമായ പ്രാബല്യം ലഭിച്ചത്. |

(signature)

സെക്ഷൻ ഓഫീസർ